പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*115 07.06.2018 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എം.ഷാജി<br>,, വി.കെ.അബ്ദു റബ്ബ്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, അബ്ദുൽ ഹമീദ് പി. : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ആക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി ഇ-ഗവേണൻസിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. |

| | |
|---|---|
| (സി) എല്ലാ വില്ലേജ് ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വില്ലേജാഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചു വരുന്നു. 2017-18 വർഷത്തിൽ 1500 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനായി നൽകി• നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2018-19 വർഷത്തിൽ 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ ഘട്ടത്തിൽ 50 വില്ലേജ് ഓഫീസുകൾ കൂടി സ്മാർട്ടാക്കി മാറ്റാനും 100 വില്ലേജ് ഓഫീസുകളിൽ ഒരു അഡീഷണൽ മുറി നിർമ്മിക്കാനും 80 വില്ലേജ് ഓഫീസുകളിൽ അറ്റകുറ്റപ്പണികൾ നടത്താനും 80 വില്ലേജ് ഓഫീസുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**